"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

സംഗ്രഹം

പൊതുവിദ്യാഭ്യാസ വകുപ്പ് - പാലക്കാട് ഷൊർണ്ണൂർ വല്ലപ്പുഴ ഓർഫനേജ് എയ്ഡഡ് എൽ.പി.സ്കൂളിലെ ലോവർ പ്രൈമറി സ്കൂൾ ടീച്ചർ ശ്രീമതി. ഷെരീഫ ടി. ഫയൽ ചെയ്ത **WP(C)No. 28580/2022**-ന്മേൽ ബഹു. ഹൈക്കോടതി പുറപ്പെടുവിച്ച **15.09.2022**-ലെ വിധിന്യായം നടപ്പിലാക്കി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

പൊതുവിദ്യാഭ്യാസ (ബി) വകുപ്പ്

സ.ഉ.(സാധാ) നം.3191/2023/GEDN തീയതി, തിരുവനന്തപുരം, 02-06-2023

പരാമർശം:-

1. പാലക്കാട് ഷൊർണ്ണൂർ വല്ലപ്പുഴ ഓർഫനേജ് എയ്ഡഡ് എൽ.പി.സ്കൂളിലെ ലോവർ പ്രൈമറി സ്കൂൾ ടീച്ചർ ശ്രീമതി. ഷെരീഫ ടി സർക്കാരിൽ സമർപ്പിച്ച **10/08/2022** തീയതിയിലെ പരിശോധനാ ഹർജി **(Ext.P10)**.
2. ബഹു. കേരള ഹൈക്കോടതിയുടെ **15.09.2022**-ലെ **W.P.(C) No. 28580/2022**-ന്മേലുള്ള വിധിന്യായം.
3. ഷൊർണ്ണൂർ ഉപജില്ലാ വിദ്യാഭ്യാസ ഓഫീസറുടെ **27/12/2022** തീയതിയിലെ ബി/**2558/2022** നമ്പർ കത്ത്.
4. പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ **05/01/2023** തീയതിയിലെ ജി1/**17174/2022**/ ഡിജിഇ നമ്പർ കത്ത്.

ഉത്തരവ്

പാലക്കാട് ഷൊർണ്ണൂർ വല്ലപ്പുഴ ഓർഫനേജ് എയ്ഡഡ് എൽ.പി.സ്കൂളിലെ ലോവർ പ്രൈമറി സ്കൂൾ ടീച്ചർ ശ്രീമതി. ഷെരീഫ ടി. ഫയൽ ചെയ്ത **WP(C)No. 28580/2022**-ന്മേൽ ബഹു. കേരള ഹൈക്കോടതി പുറപ്പെടുവിച്ച പരാമർശം **2** വിധിന്യായത്തിൽ ഹർജിക്കാരി സർക്കാരിൽ സമർപ്പിച്ച പരാമർശം **1 (Ext.P10)** പുനഃപരിശോധനാ ഹർജി, ഹർജിക്കാരിയെ നേരിൽ കേട്ട് തീർപ്പാക്കാൻ ടി റിട്ട് ഹർജിയിലെ ഒന്നാം എതിർകക്ഷിയായ പൊതുവിദ്യാഭ്യാസ വകുപ്പ് സെക്രട്ടറിക്ക് നിർദ്ദേശം നൽകിയിരുന്നു. അതിന്റെ അടിസ്ഥാനത്തിൽ ബന്ധപ്പെട്ട കക്ഷികളെ **6.1.2023** തീയതിയിൽ നേരിൽ കേട്ടു.

2. ഹർജിക്കാരിയുടെ വാദങ്ങൾ ചുവടെ കൊടുക്കുന്നു:

വല്ലപ്പുഴ ഓർഫനേജ് എയ്ഡഡ് ലോവർ പ്രൈമറി സ്കൂൾ, ഷൊർണൂർ

വിദ്യാഭ്യാസ ഉപജില്ലയിൽ സ്ഥിതിചെയ്യുന്ന കേരള വിദ്യാഭ്യാസ നിയമത്തിന്റെയും ചട്ടങ്ങളുടെയും അടിസ്ഥാനത്തിൽ പ്രവർത്തിച്ചു വരുന്ന എയ്ഡഡ് സ്കൂളാണ്.

ഹെഡ്മാസ്റ്ററെ ക്ലാസ്സ് ഡ്യൂട്ടിയിൽ നിന്ന് ഒഴിവാക്കിയതിന്റെ ഫലമായുണ്ടായ ഒഴിവിൽ ഷെരീഫ ടി. എന്ന ഹർജിക്കാരിയെ **11.8.2017** മുതൽ എൽ.പി.എസ്.ടി. ആയി വല്ലപ്പുഴ ഓർഫനേജ് എയ്ഡഡ് ലോവർ പ്രൈമറി സ്കൂളിൽ നിയമിച്ചു. എന്നാൽ നിയമനത്തിനുള്ള അംഗീകാരം അസിസ്റ്റന്റ് എഡ്യൂക്കേഷണൽ ഓഫീസർ നിരസിച്ചു.

06.02.2021-ലെ **G.O (P) No.4/2021/G.Edn**-ന്റെ **Ext.P4**-ന്റെ വെളിച്ചത്തിൽ ഇതിന് അംഗീകാരം നൽകാം. **Ext.P4** പ്രകാരം അംഗീകാരം ലഭിക്കുന്നതിന് മാനേജർ **09.03.2021** തീയതിയിലെ ഒരു ഡിക്ലറേഷനും സമർപ്പിച്ചിട്ടുണ്ട്. എന്നിട്ടും **1.6.2018** മുതലുള്ള **Ext.p3** നിയമനത്തിന് അംഗീകാരം ലഭിച്ചില്ല. ഹർജിക്കാരി എൽ.പി.എസ്.ടി തസ്തികയിലേക്ക് നിയമിക്കപ്പെടാൻ അർഹതയുള്ളയാളാണെന്ന് സമർപ്പിക്കുന്നു. ഹർജിക്കാരി ഡി.എഡ് ഡിപ്ലോമ നേടിയിട്ടുണ്ട്. നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഓപ്പൺ സ്കൂളിംഗ് (എൻ.ഐ.ഒ.എസ്) പരീക്ഷയും പാസ്സായി. ഹർജിക്കാരി ഉപരിപഠനത്തിനായി എൻ.ഐ.ഒ.എസ്. പാസ്സായ സർട്ടിഫിക്കറ്റ് കാലിക്കറ്റ് സർവ്വകലാശാല അംഗീകാരം നൽകിയിട്ടുണ്ട്. ഹർജിക്കാരി **KTET** ക്ലിയർ ചെയ്തിട്ടുണ്ട്. അതിനാൽ, എൽ.പി.എസ്.ടി. ആയി അംഗീകാരം ലഭിക്കാൻ ഹർജിക്കാരിക്ക് സർവ്വഥാ യോഗ്യതയുണ്ട്. എന്നിട്ടും ടിയാൾക്ക് ഇതുവരെ അംഗീകാരം ലഭിച്ചിട്ടില്ല. പ്രസ്താവിച്ചതുപോലെ, **Ext.P4** ഉത്തരവിനു അനുസൃതമായി മാനേജർ **Ext.p5** ഡിക്ലറേഷൻ സമർപ്പിച്ചിട്ടും, **Ext.P3**-ൽ ഉൾപ്പെടുന്ന ഹർജിക്കാരിയുടെ നിയമനത്തിന് അനുമതി നൽകാൻ **AEO** വിസമ്മതിച്ചു.

ഈ സാഹചര്യത്തിൽ, പരാതിക്കാരി സർക്കാരിന് മുമ്പാകെ **10.8.2022** തീയതിയിൽ ഒരു റിവിഷൻ പെറ്റീഷൻ ഫയൽ ചെയ്തു. തുടർന്ന് ഹർജിക്കാരി കേരള ഹൈക്കോടതിയിൽ **WP © No. 28580/2022** ഫയൽ ചെയ്തു. ബഹു. കേരള ഹൈക്കോടതി **15.9.2022**-ലെ **WP© No. 28580/2022**-ലെ വിധിന്യായത്തിൽ, ഹർജിക്കാരന്റെ വാദം കേട്ട ശേഷം കേസ് തീർപ്പാക്കാൻ സർക്കാരിനോട് നിർദ്ദേശിച്ചു.

മേൽ വിവരിച്ച സംഗതികൾ കണക്കിലെടുത്ത് വല്ലപ്പുഴ ഓർഫനേജ് എയ്ഡഡ് ലോവർ പ്രൈമറി സ്കൂളിൽ **01.06.2018** മുതൽ എൽ.പി.എസ് ടീച്ചറായി നിയമിച്ച ഹർജിക്കാരിയായ ഷെരീഫ ടി.ക്ക് നിയമനാംഗീകാരം നൽകി ഉത്തരവാകണമെന്ന് അഭ്യർത്ഥിക്കുന്നു.

3. സ്കൂൾ മാനേജർ സമർപ്പിച്ച വാദങ്ങൾ ചുവടെ ചേർക്കും പ്രകാരമാണ്:

വല്ലപ്പുഴ ഓർഫനേജ് സ്കൂളിലെ **HTV** വേക്കൻസിയിൽ **11.8.2017** മുതൽ

ശ്രീമതി.ഷെരീഫ ടി. എന്ന ടീച്ചറെ യോഗ്യതയുടെ അടിസ്ഥാനത്തിൽ **L.P.S.T.** ആയി നിയമിച്ചു. **HTV** വേക്കൻസി ഡിപ്പാർട്ട്മെന്റിന് അർഹതപ്പെട്ടതാണെന്ന അടിസ്ഥാനത്തിൽ പ്രസ്തുത ടീച്ചറുടെ നിയമനം നിരസിച്ചു.

പ്രസ്തുത സ്കൂളിലെ അധിക തസ്തികയിൽ നിയമിച്ച ശ്രീമതി.ഷമീന **K.A.** എന്ന ടീച്ചറെ ശ്രീമതി.ശ്യാമള റിട്ടയർ ചെയ്ത ഒഴിവിലേക്ക് മാറ്റി നിയമിച്ച പ്രകാരം നിലവിൽ വന്ന അധിക തസ്തികയിലേക്ക് **01.06.2018** മുതൽ ശ്രീമതി.ഷെരീഫ ടി.യെ മാറ്റി നിയമിച്ചു. **GO(P)No.4/2021/G.Edn. dt.06.02.2021**-ന്റെ അടിസ്ഥാനത്തിൽ ഷൊർണൂർ **AEO**-യ്ക്ക് നൽകിയ സത്യവാങ്മൂലത്തിൽ പ്രസ്തുത ടീച്ചറെയും ഉൾപ്പെടുത്തിയിട്ടുണ്ട്. എന്നാൽ സർട്ടിഫിക്കറ്റ് വെരിഫിക്കേഷനിൽ പ്ലസ് ടൂ യോഗ്യത സംബന്ധിച്ച് വന്ന സംശയത്തിന്റെ അടിസ്ഥാനത്തിൽ നിയമനം നിരസിച്ച് ഷൊർണൂർ ഉപജില്ലാ വിദ്യാഭ്യാസ ഓഫീസറുടെ ഉത്തരവുണ്ടായി. **29.7.2022**-ലെ **NIOS** പ്ലസ് ടു സർട്ടിഫിക്കറ്റ് ഹാജരാക്കിയതിന്റെയും, **KTET** യോഗ്യത നേടിയതിന്റെയും അടിസ്ഥാനത്തിൽ സർക്കാരിൽ നിന്നുള്ള കാരുണ്യം തേടി സമീപിച്ചിരിക്കുകയാണ്. വിദ്യാലയത്തിന്റെ പുരോഗതിക്കും, വിദ്യാർത്ഥികളുടെ ഉന്നമനത്തിനും വേണ്ടി ആത്മാർത്ഥമായി പരിശ്രമിച്ചു കൊണ്ടിരിക്കുന്ന പ്രസ്തുത ടീച്ചറെ നിലനിർത്തുന്നതിന് വേണ്ട അംഗീകാരം നൽകണമെന്ന് വണക്കമായി അപേക്ഷിക്കുന്നു.

4. ഷൊർണൂർ ഉപജില്ല വിദ്യാഭ്യാസ ഓഫീസറും പൊതുവിദ്യാഭ്യാസ ഡയറക്ടറും ലഭ്യമാക്കിയ സമാനമായ റിപ്പോർട്ട് താഴെ കൊടുക്കുന്നു:

ശ്രീമതി.ഷരീഫ ടി.യെ **11.8.2017** മുതൽ എച്ച്.ടി.വി. ഒഴിവിൽ വല്ലപ്പുഴ ഒ.എ.എൽ.പി.എസ്.ൽ പ്രസ്തുത സ്കൂൾ മാനേജർ നിയമിക്കുകയും, നിയമന ഫയൽ അംഗീകാരത്തിനായി നൽകുകയും ചെയ്തിരുന്നു. എന്നാൽ നിയമനം നടത്തിയിരിക്കുന്നത് എച്ച്.ടി.വി. ഒഴിവിൽ ആയതിനാലും സ്കൂൾ ന്യൂലി ഓപ്പൺഡ്' വിഭാഗത്തിൽപ്പെട്ട സ്കൂളായതിനാലും സംരക്ഷിതാദ്ധ്യാപകരെ നിയമിക്കേണ്ടതിനാൽ പ്രസ്തുത നിയമനം നിരസിച്ച് നൽകിയിരുന്നു.

തുടർന്ന് സർക്കാർ ഉത്തരവ് **4/2021** തീയ്യതി **6.2.2021** പ്രകാരം പൊതുവിദ്യാഭ്യാസ ഡയറക്ടർ **13.03.2021**-ന് വീണ്ടും പ്രസ്തുത നിയമനാംഗീകാര ഫയൽ പുനപരിശോധിക്കുന്നതിനും അംഗീകാരത്തിനുമായി സമർപ്പിച്ചു. വല്ലപ്പുഴ ഒ.എ.എൽ.പി. സ്കൂൾ ന്യൂലി ഓപ്പൺഡ് സ്കൂളിന്റെ വിഭാഗത്തിൽപ്പെട്ട സ്കൂളാണ്. പ്രസ്തുത പ്രൊപ്പോസൽ സർക്കാർ ഉത്തരവ് **4/2021** തീയ്യതി **06.02.2021**, സർക്കാർ കത്ത് നമ്പർ **ജെ2/87/2021** പൊ.വി.വ തീയതി **25.2.2021**, സർക്കുലർ നമ്പർ **എച്ച്2/19500/2019**/ഡിജിഇ തീയ്യതി **26.2.2021** എന്നിവ പ്രകാരം പരിശോധിച്ചു. ശ്രീമതി.ഷെരീഫ ടി.യെ നിയമിച്ചിരിക്കുന്നത് എച്ച്.ടി.വി തസ്തികയിൽ ആണ്. ഇതേ കാരണത്താൽ പ്രസ്തുത നിയമനം മുൻപും നിരസിച്ച്

നൽകിയിരുന്നു.

അതോടൊപ്പം ശ്രീമതി.ഷെരീഫ ടി.യുടെ ഹയർസെക്കന്ററി സർട്ടിഫിക്കറ്റ് (മഹാരാഷ്ട്ര സർക്കാരിന്റെ പ്ലസ് ടു) സത്യസന്ധതാ പരിശോധനക്ക് അയച്ചതിൽ ആയത് മഹാരാഷ്ട്രാ സർക്കാരിന്റെ കീഴിലുള്ളതല്ല എന്നറിയിച്ചിരുന്നു. മേൽ കാരണങ്ങളാൽ ഈ നിയമനം നിരസിച്ച് നൽകി. ആദ്യതവണ നിയമന ഫയൽ അംഗീകാരത്തിന് നൽകുമ്പോൾ മാനേജർ നൽകിയ നിയമന ഉത്തരവിൽ **11.8.2017**-ന് എച്ച്.ടി.വി.യിൽ നിയമിച്ചതായും രണ്ടാമത്തെ തവണ നിയമന ഫയൽ അംഗീകാരത്തിന് പുനസമർപ്പിച്ചപ്പോൾ **11.8.2017**-ന് അധിക തസ്തികയിൽ നിയമിച്ചതായും നിയമന ഉത്തരവിൽ രേഖപ്പെടുത്തിയിരിക്കുന്നു.

അധിക തസ്തികയുടെയും അംഗീകരിച്ച് നൽകിയ നിയമനങ്ങളുടെയും വിശദവിവരം ചുവടെ ചേർക്കുന്നു.

2016-17 മുതൽ **2019-20** വരെ ആകെ അനുവദിച്ച അധിക തസ്തികകൾ

എൽ പി എസ് റ്റി **-4**, അറബിക്**-1**

എൽ.പി.എസ്.റ്റി.ക്ക് അനുവദിച്ച **4** അധിക തസ്തികകളിൽ നിയമനം അംഗീകരിച്ച് ലഭിച്ചവർ

1. സാബിക്ക എം.

2. നിത പി.

3. ഷെരീഫ പി.കെ

4 അധിക തസ്തിക അനുവദിച്ചതിൽ **3** തസ്തികകളിൽ **G.O (P)4/2021/**പൊ.വി.വ തീയതി **6.2.2021** പ്രകാരം മേൽപ്പറഞ്ഞ അദ്ധ്യാപകർക്ക് നിയമനം അംഗീകരിച്ച് നൽകി.

ബാക്കി വന്ന ഒരു അധിക തസ്തികയിൽ ആണ് മാനേജർ ശ്രീമതി.ഷെരീഫ ടി.യെ **11.8.2017**-ന് നിയമിച്ചതായി കാണിച്ച് **13.3.2021**-ന് സമന്വയ മുഖേന അപേക്ഷ നൽകിയിരിക്കുന്നത്. **01.06.2016**-ന് അധിക തസ്തികയിൽ നിയമിച്ച ശ്രീമതി.ഷെമീന കെ.എ.യെ **31.3.2018**-ന് ശ്രീമതി.ശ്യാമള ടി. എന്ന അദ്ധ്യാപിക റിട്ടയർ ചെയ്തപ്പോൾ **01.06.2018** മുതൽ റഗുലർ ഒഴിവിലേക്ക് മാറ്റുകയും നിയമനം അംഗീകരിച്ച് ലഭിക്കുകയും ചെയ്തിട്ടുണ്ട്. എന്നാൽ റിവിഷൻ പെറ്റീഷനിൽ പറഞ്ഞതുപോലെ ശ്രീമതി.ഷെരീഫ ടി.യെ **01.06.2018**-ന് അധിക തസ്തികയി്ൽ മാറ്റി നിയമിച്ച് കൊണ്ടുള്ള നിയമന ഉത്തരവ് അംഗീകാരം ലഭിക്കുന്നതിനായി ഈ ഓഫീസിൽ നൽകിയിട്ടില്ല.

ജി.ഒ (പി) **4/2021/**പൊ.വി.വ തീയ്യതി **06.02.2021** പ്രകാരം ശ്രീമതി.ഷെരീഫ ടി.യുടെ അപേക്ഷ മാനേജർ പുനഃസമർപ്പിച്ചിരുന്നു. പ്രസ്തുത അപേക്ഷ പരിശോധിച്ചതിൽ **11.08.2017**-ന് അധിക തസ്തികയിൽ നിയമിച്ചതായി ആണ് കാണുന്നത്. താഴെ പറയുന്ന കാരണങ്ങളാൽ ഇത് ക്രമപ്രകാരമല്ല എന്ന്

കാണുന്നു.

1. 11.08.2017-ലെ മാനേജർ നൽകിയ നിയമന ഉത്തരവിൽ എച്ച്.ടി.വി. ഒഴിവിലാണ് നിയമിച്ചിരിക്കുന്നത്.

2. ജി.ഒ.(പി) 4/2021/പൊ.വി.വ തീയതി 06.02.2021 പ്രകാരം വീണ്ടും നിയമന ഉത്തരവ് പുനഃസമർപ്പിച്ചപ്പോൾ 11.08.2017-ന് അധിക തസ്തികയിൽ നിയമിച്ചതായി നിയമന ഉത്തരവിൽ കാണുന്നു.

3. ജി.ഒ.(പി)4/2021 പ്രകാരം 2019-20 വരെ മാനേജർ നടത്തിയിരിക്കുന്ന അധിക തസ്തികയിലെ നിയമനങ്ങൾക്ക് മാത്രമേ അംഗീകാരം നൽകാൻ കഴിയൂ. അങ്ങനെ വരുമ്പോൾ ജി.ഒ.(പി)4/2021 നിലവിൽ വന്ന തീയതിക്ക് ശേഷം, 11.08.2017-ന് എച്ച്.ടി.വി.യിൽ നിയമിച്ച അദ്ധ്യാപികയെ 11.08.2017-ന് അഡീഷണൽ ഡിവിഷനിലേക്ക് മാറ്റി നിയമിച്ചിരിക്കുന്നത് 06.02.2021-ന് ശേഷം ആകയാൽ 2020-21-ലെ നിയമനമായി മാത്രമേ ശ്രീമതി ഷെരീഫ ടി.യുടെ നിയമനത്തെ പരിഗണിക്കാൻ കഴിയൂ എന്ന് കാണുന്നു.

ശ്രീമതി ഷെരീഫ ടി. 29.07.2022-ന് നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഓപ്പൺ സ്കൂളിൽ നിന്ന് സീനിയർ സെക്കന്ററി സ്കൂൾ പരീക്ഷ പാസ്സായതായി പറയുന്നു. എന്നാൽ, 31.05.2017-ലെ ഡി.എഡ് (ഡിപ്ലോമ ഇൻ എഡ്യൂക്കേഷൻ) സർട്ടിഫിക്കറ്റ് ലഭിക്കുന്നതിന് ഹാജരാക്കിയ മഹാരാഷ്ട്ര സർക്കാരിന്റെ പ്ലസ് ടു സർട്ടിഫിക്കറ്റ് സത്യസന്ധതാ പരിശോധനക്ക് അയച്ചതിൽ അത് മഹാരാഷ്ട്ര സർക്കാരിന്റേതല്ല എന്നറിയിച്ചിരുന്നു. അതിനാൽ എൽ.പി.എസ്.റ്റി. ആയി 11.08.2017 മുതലോ 01.06.2018 മുതലോ നിയമനം ലഭിക്കുന്നതിന് ആവശ്യമായ യോഗ്യത ഇല്ലാത്തതിനാലും, 01.06.2018 മുതൽ മാനേജർ നിയമനം നടത്തുകയോ പ്രൊപ്പോസൽ അംഗീകാരത്തിനായി വിദ്യാഭ്യാസ ഓഫീസർക്ക് നൽകുകയോ ചെയ്തിട്ടില്ലാത്തതിനാലും ജി.ഒ.(പി) 4/2021 തീയതി 06.02.2021 പ്രകാരം ശ്രീമതി ഷെരീഫ ടി.യുടെ നിയമന ഫയലിൽ തുടർ നടപടി സ്വീകരിക്കാൻ കഴിയില്ല എന്ന് കാണുന്നു.

5. സർക്കാർ ഇക്കാര്യം ബന്ധപ്പെട്ട ചട്ടങ്ങൾ/ഉത്തരവുകൾ, വിദ്യാഭ്യാസ ഓഫീസർമാരുടെ റിപ്പോർട്ട് എന്നിവയുടെ അടിസ്ഥാനത്തിൽ വിശദമായി പരിശോധിച്ചു. ശ്രീമതി ഷെരീഫ ടി.യെ 11.08.2017 മുതൽ എച്ച്.ടി.വി. ഒഴിവിൽ ആണ് നിയമനം നൽകിയിരുന്നത്. ടി ഒഴിവിൽ സംരക്ഷിത അദ്ധ്യാപകരെയാണ് നിയമിക്കേണ്ടത് എന്നതിനാൽ പ്രസ്തുത നിയമനം ഷൊർണ്ണൂർ എ.ഇ.ഒ. നിരസിച്ചു. വല്ലപ്പുഴ ഒ.എ.എൽ.പി.സ്കൂൾ-ന് 2016-17, 2017-18 വർഷങ്ങളിൽ 4 LPST തസ്തികകൾ അനുവദിച്ചു നൽകിയിട്ടുണ്ട്. ജി.ഒ.(പി)4/2021/പൊവിവ തീയതി 06.02.2021 പ്രകാരം സാബിക്ക എം., നിത പി., ഷെരീഫ പി.കെ. എന്നീ അദ്ധ്യാപകരുടെ നിയമനം ഷൊർണ്ണൂർ ഉപജില്ലാ

വിദ്യാഭ്യാസ ഓഫീസർ അംഗീകരിച്ച് നൽകിയിട്ടുണ്ട്. **01.06.2016**-ന് അധിക തസ്തികയിൽ നിയമിച്ച ശ്രീമതി ഷെമിന കെ.ഐ.യെ **31.03.2018**-ന് ശ്രീമതി ശ്യാമള ടി. എന്ന അദ്ധ്യാപിക റിട്ടയർ ചെയ്തപ്പോൾ **01.06.2018** മുതൽ റഗുലർ ഒഴിവിലേക്ക് മാറ്റുകയും നിയമനം **AEO** അംഗീകരിച്ച് നൽകുകയും ചെയ്തിട്ടുണ്ട്. ടി അധിക തസ്തികയിൽ ശ്രീമതി ഷെരീഫ ടി.യെ **01.06.2018** മുതൽ മാറ്റി നിയമിച്ചുകൊണ്ട് മാനേജർ **appointment order** നൽകിയതായി കാണുന്നു. എന്നാൽ നിയമന ഉത്തരവ് അംഗീകാരം ലഭിക്കുന്നതിനായി **AEO**-ക്ക് നൽകിയിട്ടില്ല എന്ന് റിപ്പോർട്ട് ചെയ്തിട്ടുണ്ട്. സ്കൂൾ മാനേജർ ഷൊർണ്ണൂർ **AEO**-യ്ക്ക് നൽകിയ സത്യവാങ്മൂലത്തിൽ ശ്രീമതി ഷെരീഫ ടി.യെയും ഉൾപ്പെടുത്തിയതായി കാണുന്നു. എന്നാൽ നിയമന തീയതി രേഖപ്പെടുത്തിയിരിക്കുന്നത് **HTV** ഒഴിവിൽ നിയമിച്ച **11.08.2017** ആണ്. ശ്രീമതി ഷെരീഫ ടി. **29.07.2022**-ന് നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഓപ്പൺ സ്കൂളിൽ നിന്ന് സീനിയർ സെക്കന്ററി സ്കൂൾ പരീക്ഷ പാസ്സായതായി പറയുന്നു. എന്നാൽ, **31.05.2017**-ലെ ഡി.എഡ് (ഡിപ്ലോമ ഇൻ എഡ്യൂക്കേഷൻ) സർട്ടിഫിക്കറ്റ് ലഭിക്കുന്നതിന് ഹാജരാക്കിയ മഹാരാഷ്ട്ര സർക്കാരിന്റെ പ്ലസ് ടു സർട്ടിഫിക്കറ്റ് സത്യസന്ധതാ പരിശോധനക്ക് അയച്ചതിൽ അത് മഹാരാഷ്ട്ര സർക്കാരിന്റേതല്ല എന്നറിയിച്ചിട്ടുണ്ട്.

6.മേൽ സാഹചര്യത്തിൽ, ശ്രീമതി.ഷെരീഫ ടി. യുടെ **11.08.2017** മുതലോ, **01.06.2018** മുതലോ ഉള്ള നിയമനം, ആവശ്യമായ യോഗ്യത ഇല്ലാത്തതിനാൽ അംഗീകരിക്കുവാൻ നിർവ്വാഹമില്ല. ആയതിനാൽ ടിയാൾ കെ.ഇ.ആർ പ്രകാരമുള്ള യോഗ്യത നേടിയ തീയതി മുതൽ ടി നിയമനം മറ്റുവിധത്തിൽ ക്രമപ്രകാരമെങ്കിൽ അംഗീകരിക്കുന്നതിന് ഷൊർണ്ണൂർ ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർക്ക് നിർദ്ദേശം നൽകി, പാലക്കാട് ഷൊർണ്ണൂർ വല്ലപ്പുഴ ഓർഫനേജ് എയ്ഡഡ് എൽ.പി.സ്കൂളിലെ ലോവർ പ്രൈമറി സ്കൂൾ ടീച്ചർ ശ്രീമതി. ഷെരീഫ ടി സർക്കാരിൽ സമർപ്പിച്ച പരാമർശം **1 (Ext.P10)** പുനഃപരിശോധനാ ഹർജി തീർപ്പാക്കി അപ്രകാരം ബഹു. കേരള ഹൈക്കോടതിയുടെ പരാമർശം **2** വിധിന്യായം നടപ്പിലാക്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ശ്രീജ വി
അഡിഷണൽ സെക്രട്ടറി

പകർപ്പ്:-

അഡ്വക്കേറ്റ് ജനറൽ, എറണാകുളം (ആമുഖ കത്ത് സഹിതം)
പൊതുവിദ്യാഭ്യാസ ഡയറക്ടർ, തിരുവനന്തപുരം.
ജില്ലാ വിദ്യാഭ്യാസ ഓഫീസർ, ഒറ്റപ്പാലം, പാലക്കാട് ജില്ല.
ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർ, ഷൊർണ്ണൂർ, പാലക്കാട് ജില്ല.
മാനേജർ, ഓർഫനേജ് എയ്ഡഡ് എൽ.പി. സ്കൂൾ, വല്ലപ്പുഴ,

സ.ഉ.(സാധാ) നം.3191/2023/GEDN

ഷൊർണ്ണൂർ , പാലക്കാട്.

പ്രഥമാദ്ധ്യാപകൻ, ഓർഫനേജ് എയ്ഡഡ് എൽ.പി. സ്കൂൾ, വല്ലപ്പുഴ,
ഷൊർണ്ണൂർ , പാലക്കാട്.

ശ്രീമതി. ഷെരീഫ.ടി, ഓർഫനേജ് എയ്ഡഡ് എൽ.പി. സ്കൂൾ, വല്ലപ്പുഴ,
ഷൊർണ്ണൂർ , പാലക്കാട്.

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ(എ&ഇ, ആഡിറ്റ്),
തിരുവനന്തപുരം.

വിവര പൊതുജന സമ്പർക്ക (വെബ്ബ് & ന്യൂ മീഡിയ) വകുപ്പ്
(സർക്കാർ വെബ്ബ് സൈറ്റിൽ പ്രസിദ്ധീകരിയ്ക്കാൻ)

കരുതൽ ഫയൽ / ഓഫീസ് പകർപ്പ്.

ഉത്തരവിൻ പ്രകാരം

Signed by
Shahna Kumari S L
Date: 02-06-2023 14:00:34

കമ്മീഷൻ ഓഫീസർ